# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 462 | 30.06.2014-ൽ മറുപടിയ്ക്ക്

## ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |

(എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ബഹുജന സാമ്പത്തിക സുരക്ഷാ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടി ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(എ) & (ബി) സാമ്പത്തിക തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി ഓപ്പറേഷൻ കുബേര എന്ന പേരിൽ വ്യാപകമായ റെയിഡുകളും, പരിശോധനകളും നടത്തുന്നുണ്ട്. വിവിധ റസിഡന്റ്സ് അസ്സോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, ബാങ്ക് സ്ഥാപനങ്ങൾ മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് സാമ്പത്തിക തട്ടിപ്പുകൾക്കെതിരെയുള്ള സുരക്ഷാ പരിപാടികൾ നടപ്പിലാക്കുന്നത്.

(സി) ബ്ലേഡ് മാഫിയക്ക് എതിരെ പൊതുജന അവബോധമുണ്ടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പരിപാടികൾ നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം?

(സി) & (ഡി) പൊതുജന അവബോധം ഉണ്ടാക്കുന്നതിനായി ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ റസിഡന്റ്സ് അസ്സോസിയേഷനുകളെയും, സന്നദ്ധ സംഘടനകളെയും, കുടുംബശ്രീ യൂണിറ്റുകളെയും സംഘടിപ്പിച്ചുകൊണ്ട് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിയ്ക്കുന്നുണ്ട്. വിവിധ ബാങ്കുകളുടെ സഹകരണത്തോടെ യോഗങ്ങൾ നടത്തുന്നുണ്ട്. ഇത്തരം തട്ടിപ്പുകൾ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പൊതുജനങ്ങൾക്കായി ഹെൽപ്പ് ലൈനുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലഘുലേഖകൾ വിതരണം ചെയ്തും, പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ